മീനങ്ങാടിയിൽ സബ്‌രജിസ്ട്രാർ ഓഫീസ്

82 (1332) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ മീനങ്ങാടിയിൽ ഒരു സബ്‌രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) മീനങ്ങാടിയിൽ സബ്‌രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ മീനങ്ങാടിയിൽ ഒരു സബ്‌രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷ സർക്കാർ പരിശോധിച്ചു വരികയാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ (നക്ഷത്രചിഹ്നമിടാത്തചോദ്യങ്ങൾ)

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

83 (1184) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പരിപാടികളാണ് സർക്കാർ നടപ്പാക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി നടപ്പു സാമ്പത്തികവർഷം എന്തു തുക ചെലവഴിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കി വരുന്നു.

1. ജനകീയ മത്സ്യക്കൃഷി.
2. ജലസംഭരണികളിലെ മത്സ്യക്കൃഷി.
3. ശുദ്ധജല/ഓരുജല മത്സ്യ കർഷക വികസന ഏജൻസി മുഖേനയുള്ള മത്സ്യ കൃഷി.
4. നാടൻ മത്സ്യ കൃഷി.
5. സാമൂഹ്യ മത്സ്യ കൃഷി.
6. കടലിൽ മത്സ്യകുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി.
7. മൺസൂൺകാല ട്രോളിംഗ് നിരോധനം.
8. കടലിന്റെ അടിത്തട്ടിൽ കൃത്രിമപ്പാര് നിർമ്മിക്കുക.
9. തരിശുപാടശേഖരങ്ങളിലെ മത്സ്യകൃഷി.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly